(ബി) ഇതിൽ എത്ര കേസ്സുകളിൽ ഇനിയും പ്രതികളെ പിടികൂടാനുണ്ട് ;

(സി) 2007, 2008, 2009, 2010 എന്നീ വർഷങ്ങളിൽ യഥാക്രമം എത്ര കൊലപാതകങ്ങളാണ് സംസ്ഥാനത്ത് നടന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കൊലപാതകക്കേസുകളിലെയും കവർച്ചാ കേസുകളിലെയും പിടികിട്ടാപ്പുള്ളികൾ

25(230) ശ്രീ. എ. എ. ഷുക്കൂർ :

ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുവരെ സംസ്ഥാനത്ത് നടന്ന കൊലപാതകക്കേസുകളിൽ എത്ര കേസുകളിലെ പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത കാലയളവിൽ നടന്ന എത്ര കവർച്ചാ കേസുകളിലെ പ്രതികളെയാണ് ഇനിയും പിടികൂടാനുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 105 കേസ്സുകളിലെ പ്രതികളെ ഇനിയും പിടികൂടാനുണ്ട്.

(ബി) 884 കവർച്ചാ കേസ്സുകളിലെ പ്രതികളെയാണ് ഇനിയും പിടികൂടാനുള്ളത്.

കൊലപാതകങ്ങളുടെ വിശദാംശം

26(231) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിന് ശേഷം എത്ര കൊലപാതകങ്ങൾ നടന്നുവെന്ന് വ്യക്തമാക്കുമോ :

(ബി) ഇവയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ :

(സി) ഇവയിൽ എത്ര പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly